## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 860 — 08.03.2012-ൽ മറുപടിക്ക്

### സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം ബാങ്കുവഴി നൽകാനുള്ള സർക്കാരിന്റെ തീരുമാനം ഏതൊക്കെ മേഖലകളിൽ നടപ്പാക്കി എന്നു വ്യക്തമാക്കാമോ; | (എ) | നിലവിൽ ഐ റ്റി മേഖലയിലെ മിക്ക സ്ഥാപനങ്ങളും ബാങ്ക് മുഖേനയാണ് ശമ്പളം നൽകി വരുന്നത്. |
| (ബി)ജീവനക്കാർക്ക് നൽകാത്ത ശമ്പളം അവർക്ക് നൽകി എന്ന് സ്വകാര്യസ്ഥാപനങ്ങൾ രേഖകളുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി)എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിലാളികൾക്കുള്ള ശമ്പളം എറ്റിഎം പ്രീപെയ്ഡ് കാർഡ് മുഖേന നൽകുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റ് തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺ ലൈനായി പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.